(ബി) സഹകരണവകുപ്പിൽ നിലവിൽ ജൂനിയർ സീനിയർ ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകളുണ്ട്. തസ്തികകൾ നികത്തുവാനും ഓഡിറ്റിംഗുകൾ കൃത്യമായി നടത്തുവാനുമുള്ള നടപടി സ്വീകരിക്കുമോ ;

(സി) സഹകരണവകുപ്പിലെ ഇൻസ്പെക്ടർമാരിൽ എത്രപേർ ക്ലറിക്കൽ തസ്തികയിൽ നിന്നും ഡിപ്പാർട്ടുമെന്റ് കാട്ടവഴി നിയമിതരായവരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണവകുപ്പിൽ നിലവിൽ 1062 ജൂനിയർ ഇൻസ്പെക്ടർമാരുടേയും 1062 സീനിയർ ഇൻസ്പെക്ടർമാരുടേയും തസ്തികകളുണ്ട്. ഒഴിവുള്ള ഇൻസ്പെക്ടർ തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുവാൻ പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി.എസ്.സി.യിൽ ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണവകുപ്പിൽ ഇൻസ്പെക്ടർമാരിൽ സീനിയർ തസ്തികയിൽ 411 പേർ സഹകരണ വകുപ്പിലെ യു.ഡിക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും 68 പേർ മറ്റ് വകുപ്പിലെ യു.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും നിയമിതരായവരാണ്. ജൂനിയർ തസ്തികയിൽ 455 പേർ സഹകരണ വകുപ്പിലെ യു.ഡി.ക്ലാർക്ക്/ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും 5 പേർ മറ്റ് വകുപ്പിലെ യു.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും നിയമിതരായവരാണ്.

നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ധനസഹായപദ്ധതി

125(1028) ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾക്കാണ് ധനസഹായം നൽകുന്നത് ;

(ബി) ഈ ധനസഹായം ഗ്രാന്റാണോ വായ്പയാണോ എന്ന് വിശദമാക്കുമോ ;

(സി) ഈ കോർപ്പറേഷനിൽ നിന്നും സംസ്ഥാനത്തിന് കൂടുതൽ ധനസഹായം ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കോർപ്പറേഷനിൽ നിന്നുള്ള ധനസഹായത്തിനായി എന്തെല്ലാം വയബിൾ സ്കീമുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാർഷികോൽപ്പന്നങ്ങളുടെ സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയ്ക്കും, പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനുമായി ഗ്രാമ പ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നീതി സ്റ്റോറുകൾക്കും, കൺസ്യൂമർ സഹകരണസംഘങ്ങൾക്കും, പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങൾക്കും ഗോഡൗൺ നിർമ്മിക്കുന്നതിനും കംപ്യൂട്ടർവൽക്കരിക്കുന്നതിനും, എൻ.സി.ഡി.സി. ധനസഹായം നൽകിവരുന്നു. ഇവ കൂടാതെ തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിലെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള സംയോജിത സഹകരണവികസനപദ്ധതിയും (ഐ.സി.ഡി.പി.), എൻ.സി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഐ.സി.ഡി.പി. പദ്ധതിയിൻകീഴിൽ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കാൽഷികോപകരണങ്ങൾ വാങ്ങുക, വിപണനമേഖല ശക്തമാക്കുക, കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുക, സഹകരണമേഖലകളിൽ സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കുക, കൺസ്യൂമർ സാധനങ്ങൾ കാര്യക്ഷമമായി വിതരണം ചെയ്യുക, കൈത്തറി, മത്സ്യകൃഷി, കോഴിവളർത്തൽ, ഹോർട്ടികൾച്ചർ എന്നിവ പ്രോൽസാഹിപ്പിക്കുക ഇവയ്ക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ എൻ.സി.ഡി.സി. നൽകിവരുന്നു.

(ബി) എൻ.സി.ഡി.സി. ധനസഹായം വായ്പയായിട്ടാണ് സംസ്ഥാനത്തിന് നൽകിവരുന്നത്. സംസ്ഥാന ഗവൺമെന്റ് പ്രസ്തുത വായ്പ വാങ്ങി ബന്ധപ്പെട്ട സഹകരണസംഘങ്ങൾക്ക് ഓഹരി, വായ്പ എന്നീയിനങ്ങളിലായി നൽകുന്നു. എന്നാൽ ഐ.സി.ഡി.പി. പദ്ധതിയിൽ മാനവശേഷി വികസനം പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ ടീം, മോണിട്ടറിംഗ് സെൽ എന്നിവയ്ക്കുവേണ്ടിവരുന്ന തുകയുടെ 50% സബ്സിഡിയായി എൻ.സി.ഡി.സി. നൽകുന്നു. ശേഷിച്ച 50% സംസ്ഥാനസർക്കാർ നൽകിവരുന്നു.

(സി) ഈ വർഷം സംസ്ഥാനത്തെ സഹകരണ പദ്ധതികൾക്കായി എൻ.സി.ഡി.സി. യുടെ ബഡ്ജറ്റിൽ 25.72 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻവർഷം 15.77 കോടി രൂപയായിരുന്നു വകയിരുത്തിയിരുന്നത്. എങ്കിലും 29.47 കോടി രൂപ എൻ.സി.ഡി.സി. യിൽ നിന്നും ലഭിച്ചു. ഈ വർഷം വിവിധ സഹകരണസംഘങ്ങളുടെ പ്രതിനിധികളുടെ ജില്ലാതല യോഗങ്ങൾ വിളിച്ച് കൂട്ടുകയും അതിന്റെ ഫലമായി 132.48 കോടി രൂപയ്ക്കുള്ള പ്രൊപ്പോസലുകൾ ലഭിയ്ക്കുകയും അനുവാദത്തിനായി എൻ.സി.ഡി.സി. ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ചുവടെ ചേർക്കുന്ന പദ്ധതികളാണ്. എൻ.സി.ഡി.സി. ക്ക് സമർപ്പിച്ചിട്ടുള്ളത്. എൻ.സി.ഡി.സി.യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ :

LIBRARY ARCHIVES Kerala Legislative Assembly

1.	ഗ്രാമീണ ഉപഭോക്തൃ പദ്ധതി 27 സംഘങ്ങൾ	-	23.80 കോടി രൂപ
2.	സഹകരണനീതി സ്റ്റോറുകൾ 165 സംഘങ്ങൾ	-	1.32 കോടി രൂപ
3.	സംസ്ക്കരണ യൂണിറ്റുകൾ 6 സംഘങ്ങൾ	-	1.83 കോടി രൂപ
4.	പ്രാഥമിക കാർഷികവായ്പാ സഹകരണസംഘങ്ങൾക്ക് കംപ്യൂട്ടർ വാങ്ങുന്നതിനുള്ള ധനസഹായം	-	1.67 കോടി രൂപ
5.	സംഘങ്ങൾക്ക് ഗോഡൗൺ പണിയുന്നതിന് 33 സംഘങ്ങൾ	-	2.20 കോടി രൂപ
6.	വിപണന സംഘങ്ങൾക്കുള്ള മാർജിൻ മണി 7 സംഘങ്ങൾ	-	0.22 കോടി രൂപ
7.	ഫാർമേഴ്സ് സർവീസ് സെന്ററുകൾ തുടങ്ങുന്നതിന് പ്രാഥമിക കാർഷികവായ്പ സഹകരണസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി 13 സംഘങ്ങൾ	-	6.87 കോടി രൂപ
8.	ഐ.സി.ഡി.പി. പദ്ധതി ഇടുക്കി, പത്തനംതിട്ട തൃശൂർ, മലപ്പുറം, കണ്ണൂർ , കാസർഗോഡ് ജില്ലകൾ	-	14.57 കോടി രൂപ
		ആകെ	132.48 കോടി രൂപ

റബ്കോ സംഭരിച്ച റബ്ബർ

126(1029) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഫെബ്രുവരി ഒന്നുവരെ 'റബ്കോ' എത്ര ടൺ റബ്ബർ സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ എത്ര ടൺ ആഭ്യന്തര വിപണിയിൽ വിറ്റഴിച്ചു എന്നും എത്ര ടൺ കയറ്റുമതി ചെയ്തുവെന്നും വെളിപ്പെടുത്തുമോ ;

(സി) 'റബ്കോ'യുടെ കൈവശം 2000 ഫെബ്രുവരി ഒന്നിന് എത്ര ടൺ റബ്ബർ സ്റ്റോക്ക് ഉണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 1997-98 മുതൽ 2000 ഫെബ്രുവരി ഒന്നുവരെയുള്ള കാലയളവിൽ റബ്കോ 41,129,836 മെട്രിക് ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

(ബി) ഇതിൽ 28700.01 മെട്രിക് ടൺ റബ്ബർ ആഭ്യന്തര വിപണിയിൽ വിറ്റഴിച്ചിട്ടുണ്ട്. കയറ്റുമതി 2997 മെട്രിക് ടൺ ആണ്.

LIBRARY ARCHIVES Kerala Legislative Assembly